"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജലവിഭവ വകുപ്പ് - "Jal Jeevan Mission (JJM) in Vazhoor Panchayath - Ist SLSSC - Package 7 - 6 th SLSSC - Laying pipelines and restoration works in Vazhoor panchayath - പ്രവൃത്തിയ്ക്ക് ലഭിച്ച ഏക ദർഘാസ് അംഗീകരിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (ജലവിതരണ - ബി) വകുപ്പ്**

സ.ഉ.(കൈ) നം.20/2026/WRD    തീയതി,തിരുവനന്തപുരം, 22-02-2026

---

പരാമർശം:-

1. സ.ഉ (പി) നം. 16/2017/ധന, തീയതി 06.02.2017.
2. ജി.ഒ (പി) നം. 54/2019/ഫിൻ, തീയതി 04.05.2019.
3. ജി.ഒ (ആർ.റ്റി) നം. 897/2023/ഡബ്ല്യൂ.ആർ.ഡി തീയതി 26.10.2023.
4. കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 06.01.2025 തീയതിയിലെ KWA-JB/8660/2024-AE-12 നമ്പർ കത്ത്.

**ഉത്തരവ്**

Jal Jeevan Mission (JJM) in Vazhoor Panchayath - Ist SLSSC - Package 7 - 6 th SLSSC - Laying pipelines and restoration works in Vazhoor panchayath എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട പദ്ധതിയ്ക്ക് പരാമർശം (3) പ്രകാരം ഭരണാനുമതി നൽകി. പ്രസ്തുത പ്രവൃത്തിക്ക് കേരള വാട്ടർ അതോറിറ്റി 07.12.2023-ൽ സാങ്കേതിക അനുമതിയും നൽകി.

2) കോട്ടയം പി.എച്ച്. സർക്കിളിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ 7,60,18,484/- രൂപ TPAC- ആയി ദർഘാസ് ക്ഷണിച്ചു. രണ്ട് ബിഡുകൾ ലഭിച്ചുവെങ്കിലും ഒരു ബിഡ്ഡർ മാത്രമേ പ്രീക്വാളിഫൈ ചെയ്യുള്ളു എന്നതിനാൽ ദർഘാസ് റദ്ദാക്കി. തുർന്ന് ക്ഷണിച്ച പുന:ദർഘാസിൽ ലഭിച്ച മൂന്ന് ബിഡുകളിലും ഉയർന്ന തുക ക്വാട്ട് ചെയ്തതിനാൽ ദർഘാസ് റദ്ദാക്കി. തുടർന്നുള്ള രണ്ടാമത്തെ പുന:ദർഘാസിന് നിശ്ചിത സമയപരിധിക്കുള്ളിൽ ബിഡുകളൊന്നും ലഭിക്കാത്തതിനാൽ ദർഘാസ് 13 തവണ നീട്ടി, അവസാനം M/s മജസ്റ്റിക് കൺസ്ട്രക്ഷൻസ്, പനംകാട്ട് ഹൗസ്, കരിംകുന്നം പി.ഒ.-യിൽ നിന്ന് ഒരു ബിഡ് ലഭിച്ചു. അവർ ക്വാട്ട് ചെയ്ത തുകയായ 9,10,95,824.66/- രൂപ TPAC-യെക്കാൾ 19.83% അതികരിച്ചതായിരുന്നു.

3) പരാമർശം (1), (2) സർക്കാർ ഉത്തരവുകൾ പ്രകാരം, DSoR + 10%, പ്രാദേശിക വിപണി നിരക്ക്, കരാറുകാരൻ ക്വാട്ട് ചെയ്ത തുക ഇവയിൽ ഏതാണോ കുറവ് വരുന്നത് ആ തുകയ്ക്കാണ് ദർഘാസ് അംഗീകരിക്കേണ്ടത്. അതായത് കുറഞ്ഞ തുകയും, പ്രാദേശിക വിപണി നിരക്കും ആയ Rs.7,58,95,777.41/- രൂപയ്ക്ക് ടെണ്ടർ അനുവദിക്കാം. എന്നാൽ ഉയർന്ന ക്വാട്ട് തുക കുറയ്ക്കാൻ കേരള വാട്ടർ അതോറിറ്റി ബിഡ്ഡറോട് ആവശ്യപ്പെട്ടെങ്കിലും ആയത് വിസമ്മതിച്ചു.

4) മെറ്റീരിയൽ ചെലവിലും തൊഴിൽ ചെലവിലും ഉള്ള ഗണ്യമായ വർദ്ധനവ് ചൂണ്ടിക്കാട്ടി ക്വാട്ട് ചെയ്ത തുക കുറയ്ക്കാൻ ബിഡ്ഡർ തയ്യാറല്ലെന്ന് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തു. കേന്ദ്ര സർക്കാരിന്റെ ബജറ്റിൽ പിവിസി ചെലവ് 15% വർദ്ധിപ്പിച്ചതിനെത്തുടർന്ന് പിവിസി പൈപ്പ് നിർമ്മാതാക്കൾ അതനുസരിച്ച് വില വർദ്ധിപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്യുകയുണ്ടായി. കൂടാതെ, നിർദ്ദിഷ്ട പൈപ്പ് ലേയിംഗ് സൈറ്റുകളിൽ പലതും ബിഎം, ബിസി

റോഡുകളിലാണ് സ്ഥിതി ചെയ്യുന്നത്, അവിടെ മണ്ണിന്റെ ഘടന ഇടത്തരം മുതൽ കഠിനമായ പാറ വരെ വ്യത്യാസപ്പെടുന്നു. ഈ റോഡുകളിൽ ഗതാഗത തിരക്ക് കൂടുതലായതിനാൽ തടസ്സങ്ങൾ കുറയ്ക്കുന്നതിന് രാത്രി സമയങ്ങളിൽ ജോലി നടത്തേണ്ടതുണ്ട്. പൊതുമരാമത്ത് വകുപ്പിൽ നിന്ന് അനുമതി നേടുന്നതിൽ കാലതാമസം ഉണ്ടാകുമെന്നും, ഇത് പദ്ധതി സമയക്രമത്തെ കൂടുതൽ ബാധിച്ചേക്കാം എന്നും ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തു.

5) പദ്ധതിയ്ക്കായി ഇതിനകം മൂന്ന് തവണ ദർഘാസ് ക്ഷണിക്കുകയും, പന്ത്രണ്ട് തവണ ദർഘാസ് നീട്ടുകയും ചെയ്തിട്ടുണ്ടെന്നും കൂടാതെ കൂടുതൽ അനുകൂലമായ ഓഫറുകൾ വരാൻ സാധ്യതയില്ല എന്നതിനാലും പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കേണ്ടതിന്റെ പ്രാധാന്യവും കണക്കിലെടുത്ത്, M/s. മജസ്റ്റിക് കൺസ്ട്രക്ഷൻസിന് അവർ ക്വാട്ട് ചെയ്ത TPAC-യെക്കാൾ 19.83% അതികരിച്ച തുകയായ 9,10,95,825/- രൂപയ്ക്ക് ദർഘാസ് അനുവദിക്കാൻ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സർക്കാരിൽ പരാമർശം (4) പ്രകാരം ശിപാർശ ചെയ്തു.

6) സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. മൂന്നു പ്രാവശ്യം ടെണ്ടർ ചെയ്തതും അതോടൊപ്പം 12 പ്രാവശ്യം ടെണ്ടർ എക്സ്റ്റൻഷൻ നൽകിയതുമായ പ്രവൃത്തിയാണിത്. അതോടൊപ്പം സർക്കാർ അനുവദിച്ച ടോളറൻസ് ലിമിറ്റിനേക്കാൾ പ്രൈസ് പ്രകാരമുള്ള പ്രാദേശിക വിപണി നിരക്ക് ഗണ്യമായി താഴ്ന്ന നിൽക്കുന്നു. 2023-ൽ ഭരണാനുമതി കൊടുത്ത ഈ പദ്ധതി ഇനിയും ദീർഘിപ്പിക്കുന്നത് സർക്കാരിനുള്ള ചെലവ് കൂട്ടാനേ ഉപകരിക്കു എന്ന് സർക്കാർ നിരീക്ഷിക്കുകയുണ്ടായി.

7) പ്രസ്തുത സാഹചര്യത്തിൽ "Jal Jeevan Mission (JJM) in Vazhoor Panchayath - Ist SLSSC - Package 7 - 6 th SLSSC - Laying pipelines and restoration works in Vazhoor panchayath എന്ന പ്രവൃത്തി സിംഗിൾ ബിഡ്ഡർ ആയ M/s. മജസ്റ്റിക് കൺസ്ട്രക്ഷൻസ്, പനംകാട്ട് ഹൗസ്, കരിംകുന്നം പി.ഒ.-യ്ക്ക് അവർ ക്വാട്ട് ചെയ്ത TPAC-യെക്കാൾ 19.83% ഉയർന്ന തുകയായ 9,10,95,825 /- രൂപയ്ക്ക് (ഒൻപത് കോടി പത്ത് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി എണ്ണൂറ്റി ഇരുപത്തിയഞ്ച് രൂപ), കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് ലഭിക്കാത്തപക്ഷം സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്ന് ചെലവ് വഹിക്കാം എന്ന വ്യവസ്ഥയ്ക്ക് വിധേയമായി നൽകുന്നതിന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിശ്വനാഥ് സിൻഹ

അഡീഷണൽ ചീഫ് സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം.
3. പൊതുഭരണ (എസ്.സി) വകുപ്പ് (20.02.2016 തീയതിയിലെ 3721-ലെ ഇനം. പ്രകാരം)
4. ധനകാര്യ വകുപ്പ് (ഫയൽ നം. 3064775/പി.യു-സി1/48/2025-ഫിൻ)
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി
6. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Hemalatha Das
Date: 24-02-2026 12:11:15
സെക്ഷൻ ഓഫീസർ

രഹസ്യം

## കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 20-02-2026**

ഫയൽ നം. ഡബ്ല്യു.എസ്.-ബി3/16/2025/ജവിവ. ഇനം നം: 3721

വിഷയം : ജലവിഭവ വകുപ്പ് - കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച "Jal Jeevan Mission (JJM) in Vazhoor Panchayath - Ist SLSSC - Package 7 - 6th SLSSC - Laying pipelines and restoration works in Vazhoor Panchayath" എന്ന പ്രവൃത്തി സിംഗിൾ ബിഡ്ഡർ ആയ M/s. മജസ്റ്റിക് കൺസ്ട്രക്ഷൻസ്, പനംകാട്ട് ഹൗസ്, കരികുന്നം പി.ഒ.-യ്ക്ക് അവർ ക്വാട്ട് ചെയ്ത TPAC-യെക്കാൾ 19.83% ഉയർന്ന തുകയായ 9,10,95,825/- രൂപയ്ക്ക് അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്.

21/2/26
S.S

3721

## കേരള സർക്കാർ

## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഡബ്ല്യൂ.എസ്-ബി3/16/2025-ജവിവ |
| 2. | വകുപ്പ് | : | ജലവിഭവ (ജലവിതരണ -ബി) വകുപ്പ് |
| 3. | വിഷയം | : | കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച "Jal Jeevan Mission (JJM) in Vazhoor Panchayath - Ist SLSSC - Package 7 - 6 th SLSSC - Laying pipelines and restoration works in Vazhoor panchayath" എന്ന പ്രവർത്തി സിംഗിൾ ബിഡ്ഡർ ആയ M/s. മജസ്റ്റിക് കൺസ്ട്രക്ഷൻസ്, പനംകാട്ട് ഹൗസ്, കരിംകുന്നം പി.ഒ.-യ്ക്ക് അവർ ക്വാട്ട് ചെയ്ത TPAC-യെക്കാൾ 19.83% ഉയർന്ന തുകയായ 9,10,95,825 /- രൂപയ്ക്ക് അനുവദിക്കുന്നത്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 14.05.2025. |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യത യുള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ള താണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | : | ഉണ്ട്. |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ | : | ഇല്ല. |

| | | | |
|---|---|---|---|
| | യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | | |
| 7. | കുറിപ്പ സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.സജികുമാർ.ജെ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 13.02.2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.എ.ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 19.02.2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.റോഷി അഗസ്റ്റിൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 19.02.2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 19.02.2026 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

<u>**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**</u>

കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച "Jal Jeevan Mission (JJM) in Vazhoor Panchayath - Ist SLSSC - Package 7 - 6 th SLSSC - Laying pipelines and restoration works in Vazhoor panchayath എന്ന പ്രവർത്തി സിംഗിൾ ബിഡ്ഡർ ആയ M/s. മജസ്റ്റിക് കൺസ്ട്രക്ഷൻസ്, പനംകാട്ട് ഹൗസ്, കരിംകുന്നം പി.ഒ.-യ്ക്ക് അവർ ക്വാട്ട് ചെയ്ത TPAC-യെക്കാൾ 19.83% ഉയർന്ന തുകയായ 9,10,95,825 /- രൂപയ്ക്ക് അനുവദിക്കുന്ന വിഷയമാണ് കുറിപ്പിൽ പരിശോധിക്കുന്നത്.

2) പ്രവൃത്തിക്ക് 26.10.2023 തീയതിയിലെ G.O.(Rt) നമ്പർ 897/2023/WRD പ്രകാരം 22.50 കോടി രൂപയുടെ ഭരണാനുമതിയും, 07.12.2023-ൽ 13.971 കോടി രൂപയുടെ സാങ്കേതിക അനുമതിയും നൽകി.

3) കോട്ടയം പി.എച്ച്. സർക്കിളിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ 7,60,18,484/- രൂപ TPAC- ആയി ഇ-ടെൻഡർ ക്ഷണിച്ചു. രണ്ട് ബിഡുകൾ ലഭിക്കുകയും, 04.01.2024 ന് സാങ്കേതിക ബിഡുകൾ തുറക്കുകയും ചെയ്തു. ഒരു ബിഡ്ഡർ മാത്രമേ പ്രീക്വാളിഫൈഡ് ആയിട്ടുള്ളൂ എന്നതിനാൽ 10.01.2024 ന് ചേർന്ന STC-TA അവലോകനത്തിന് ശേഷം ടെൻഡർ റദ്ദാക്കാനും റീ-ടെൻഡറിംഗ് പ്രക്രിയ എത്രയും വേഗം ആരംഭിക്കാനും നിർദ്ദേശിച്ചു. അതനുസരിച്ച് ടെൻഡർ റദ്ദാക്കി റീ-ടെൻഡർ ചെയ്തു. അമിതമായി ഉയർന്ന തുകയ്ക്കുള്ള ബിഡുകൾ ലഭിച്ചതിനാൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ റീ-ടെൻഡർ റദ്ദാക്കി.

4) കോട്ടയം പിഎച്ച് സർക്കിളിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ രണ്ടാമത്തെ റീ-ടെൻഡറിനുള്ള നടപടി ആരംഭിച്ചുവെങ്കിലും നിശ്ചിത തീയതിക്കുള്ളിൽ ബിഡുകളൊന്നും ലഭിച്ചില്ല. തൽഫലമായി, ടെൻഡർ 13 തവണ നീട്ടി, അവസാന തീയതി 07.08.2024 ആയി നീട്ടുകയും, ബിഡ് തുറക്കുന്ന തീയതി 08.08.2024 ആയി

നിശ്ചയിക്കുകയും ചെയ്തു. ഒടുവിൽ ഒരു ബിഡ് ലഭിക്കുകയും, സാങ്കേതിക ബിഡ് 08.08.2024 ന് തുറക്കുകയും ചെയ്തു.

5) 17.08.2024 ന് ചേർന്ന എസ്.ടി.സി. സിംഗിൾ ബിഡ്ഡറായ M/s മജസ്റ്റിക് കൺസ്ട്രക്ഷൻസ്, പനംകാട്ട് ഹൗസ്, കരിംകുന്നം പി.ഒ.യെ പ്രീക്വാളിഫൈ ചെയ്യാൻ തീരുമാനിച്ചു. തുടർന്ന് 21.08.2024 ന് പ്രൈസ് ബിഡ് തുറന്നു, വിശദാംശം ചുവടെ ചേർക്കും പ്രകാരമാണ്.

| Name & Address of the bidder | TPAC (Rs.) | Quoted Amount (Rs.) | Comparison with TPAC in (%) |
|---|---|---|---|
| M/s. Majestic Constructions, Panamkatt House, Karimkunnam P.O. | 7,60,18,484 | 9,10,95,824.66/- | 19.83% Above |

6) ഐറ്റം റേറ്റ് കോൺട്രാക്ട് ആയാണ് ടെൻഡർ നൽകിയത്. ബിഡ്ഡ് പരിശോധിച്ചപ്പോൾ, ഏക ബിഡ്ഡർ സമർപ്പിച്ച നിരക്കുകൾ നിലവിലെ DSR, PRICE ലെ നിലവിലുള്ള LMR നിരക്കുകൾ എന്നിവയുമായി താരതമ്യപ്പെടുത്തുമ്പോൾ ഗണ്യമായി ഉയർന്നതാണെന്ന് കമ്മിറ്റി കണ്ടെത്തി. 04.05.2019 തീയതിയിലെ G.O. (P) നമ്പർ 54/2019/Fin ലെ വ്യവസ്ഥകൾ അനുസരിച്ച്, മുകളിലെ നിരക്കുകൾ DSR + 10% അല്ലെങ്കിൽ ലോക്കൽ മാർക്കറ്റ് നിരക്ക് (LMR) ഇതിൽ ഏതാണോ കുറവ് ആയതിലേയ്ക്ക് കുറയ്ക്കുന്നതിലേക്കായി ടെൻഡറിംഗ് അതോറിറ്റി ബിഡ്ഡറുമായി നെഗോഷ്യേറ്റ് ചെയ്തു.

7) ചർച്ചകൾക്ക് ശേഷം M/s മജസ്റ്റിക് കൺസ്ട്രക്ഷൻസിൽ നിന്നുള്ള പുതുക്കിയ ഓഫറിലും അവർ ആദ്യം ക്വാട്ട് ചെയ്ത TPAC-യെക്കാൾ 19.83% ഉയർന്ന തുകയായ 9,10,95,825/- രൂപയായി തന്നെ തുടർന്നു. പ്രവൃത്തിയുടെ LMR അടിസ്ഥാനമാക്കി കണക്കാക്കിയ TPAC 7,58,95,777.41/- രൂപ ആണ് (PWD പുനഃസ്ഥാപന നിരക്കുകളും GST യും ഒഴികെ).

8) ക്വാട്ട് ചെയ്ത തുകയായ 9,10,95,825/- രൂപ TPAC-യെക്കാൾ 19.83%-വും ലോക്കൽ മാർക്കറ്റ് റേറ്റ് എസ്റ്റിമേറ്റിനേക്കാൾ 20.03% -വും ഉയർന്നതാണ്.

| Sl.No. | Description | Amount |
|---|---|---|
| 1. | Estimated amount based on current LMR | Rs.7,58,95,777.41/-<br>(0.16 % Below TPAC) |
| 2. | Quoted amount of the lowest bidder | Rs. 9,10,95,825 /-<br>(19.83 % above TPAC) |
| 3. | Current DSR plus 10% | Rs.8,36,20,332/- |

9) 06.02.2017 തീയതിയിലെ G.O.(P) നമ്പർ 16/2017/Fin, 04.05.2019 തീയതിയിലെ GO (P) നമ്പർ 54/2019/Fin എന്നിവ പ്രകാരം, മുകളിൽ പറഞ്ഞ മൂന്ന് തുകകളിൽ ഏറ്റവും കുറഞ്ഞ തുകയ്ക്ക് ടെൻഡർ അനുവദിക്കാനാകും. അതായത് നിലവിലെ LMR അടിസ്ഥാനമാക്കിയുള്ള എസ്റ്റിമേറ്റ് തുകയായ 7,58,95,777.41/- രൂപയ്ക്ക്. ടെൻഡർ അംഗീകാരത്തിനായി 28.10.2024 ന് വിളിച്ചുചേർത്ത STC യോഗം, ക്വാട്ട് ചെയ്ത തുക നിലവിലെ SoR + 10%, LMR അടിസ്ഥാനമാക്കിയുള്ള TPAC എന്നിവയേക്കാൾ കൂടുതലാണെന്ന് നിരീക്ഷിച്ചു.

10) മണിമല (2LL OHSR), ചല്ലോളി (4.5LL OHSR) എന്നിവിടങ്ങളിലെ ജലസംഭരണികൾ നിർമ്മാണ ഘട്ടത്തിലാണെന്നും, ഇൻടേക്ക്, റാ വാട്ടർ പമ്പിംഗ് മെയിൻ, ജലശുദ്ധീകരണ ശാല, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ എന്നിവയുൾപ്പെടെയുള്ള ഉൽപാദന ഘടകങ്ങളെല്ലാം നിലവിലുണ്ടെന്ന് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തു. ഫങ്ഷണൽ ഹൗസ്ഹോൾഡ് ടാപ്പ് കണക്ഷനുകളുടെ (FHTCs) വിതരണ സംവിധാനവും ഇൻസ്റ്റാളേഷനും പുരോഗമിക്കുന്നു, 6,098 നിർദ്ദിഷ്ട FHTC-കളിൽ 687 എണ്ണം നൽകിയിട്ടുണ്ട്, കൂടാതെ 1,163 HTCs ഉം ഇതിൽ ഉൾപ്പെടുന്നു. ഈ പാക്കേജിലെ പ്രവൃത്തികളുടെ പരിധിയിൽ വിതരണ ശൃംഖലയ്ക്കായി 60.8 കിലോമീറ്റർ പൈപ്പ്ലൈൻ സ്ഥാപിക്കൽ, മണിമല ജലശുദ്ധീകരണ പ്ലാന്റിലെ 2LL OHSR-നുള്ള രണ്ട് ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ വിതരണം, സ്ഥാപിക്കൽ, പരിശോധന, കമ്മീഷൻ ചെയ്യൽ എന്നിവ ഉൾപ്പെടുന്നു. കൂടാതെ, റോഡ് പുനരുദ്ധാരണ

പ്രവർത്തനങ്ങളും ഇതിൽ ഉൾപ്പെടുന്നു. ജലവിതരണ പദ്ധതി വിജയകരമായ കമ്മീഷൻ ചെയ്യുന്നതിന് ഈ ജോലി സമയബന്ധിതമായി പൂർത്തിയാക്കേണ്ടത് അത്യാവശ്യമാണ്.

11) മെറ്റീരിയൽ ചെലവിലും തൊഴിൽ ചെലവിലും ഉള്ള ഗണ്യമായ വർദ്ധനവ് ചൂണ്ടിക്കാട്ടി ക്വാട്ട് ചെയ്ത തുക കുറയ്ക്കാൻ കരാറുകാരൻ തയ്യാറല്ലെന്ന് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തു. കേന്ദ്ര സർക്കാരിന്റെ ബജറ്റിൽ പിവിസി ചെലവ് 15% വർദ്ധിപ്പിച്ചതിനെത്തുടർന്ന്, പിവിസി പൈപ്പ് നിർമ്മാതാക്കൾ അതനുസരിച്ച് വില വർദ്ധിപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്യുന്നു. കൂടാതെ, നിർദ്ദിഷ്ട പൈപ്പ് ലേയിംഗ് സൈറ്റുകളിൽ പലതും ബിഎം, ബിസി റോഡുകളിലാണ് സ്ഥിതി ചെയ്യുന്നത്, അവിടെ മണ്ണിന്റെ അവസ്ഥ ഇടത്തരം മുതൽ കഠിനമായ പാറ വരെ വ്യത്യാസപ്പെടുന്നു. ഈ റോഡുകളിൽ ഗതാഗത തിരക്ക് കൂടുതലായതിനാൽ തടസ്സങ്ങൾ കുറയ്ക്കുന്നതിന് രാത്രി സമയങ്ങളിൽ ജോലി നടത്തേണ്ടതുണ്ട്. പൊതുമരാമത്ത് വകുപ്പിൽ നിന്ന് അനുമതി നേടുന്നതിൽ കാലതാമസം ഉണ്ടാകുമെന്ന് ചീഫ് എഞ്ചിനീയർ എടുത്തുപറഞ്ഞു, ഇത് പദ്ധതി സമയക്രമത്തെ കൂടുതൽ ബാധിച്ചേക്കാം.

12) ഭേദഗതി ചെയ്ത ജെജെഎം മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, ജെജെഎമ്മിന് കീഴിൽ അനുവദിച്ച എല്ലാ പദ്ധതികളും ചെലവോ സമയനഷ്ടമോ കൂടാതെ നടപ്പിലാക്കേണ്ടതാണ്. അംഗീകൃത ചെലവിനേക്കാൾ കൂടുതൽ ചെലവ് ഉണ്ടായാൽ, അത് ബന്ധപ്പെട്ട സംസ്ഥാനം വഹിക്കേണ്ടിവരും, കൂടാതെ ജെജെഎമ്മിന് കീഴിൽ ലഭ്യമായ വിഭവങ്ങളിൽ നിന്ന് അധിക ചെലവുകൾ അനുവദിക്കില്ല. "ഒരു പ്രോജക്റ്റിനോ സ്കീമിനോ വേണ്ടിയുള്ള ടെൻഡർ ക്ഷണിച്ചതിന്റെ കണക്കാക്കിയ ചെലവിനേക്കാൾ അംഗീകൃത ചെലവ് കൂടുതലാണെങ്കിൽ, ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സംസ്ഥാന ജല-ശുചിത്വ മിഷന്റെ അപെക്സ് കമ്മിറ്റിയുടെ തലവന്റെ അംഗീകാരം പ്രവൃത്തി നൽകുന്നതിന് മുമ്പ് എടുക്കേണ്ടതാണ് ".

13) പദ്ധതിയ്ക്കായി ഇതിനകം മൂന്ന് തവണ ടെൻഡർ ക്ഷണിക്കുകയും, പന്ത്രണ്ട് തവണ ടെണ്ടർ നീട്ടുകയും ചെയ്തു. കൂടാതെ കൂടുതൽ അനുകൂലമായ ഓഫറുകൾ വരാൻ സാധ്യതയില്ല എന്നതിനാലും പദ്ധതി സമയബന്ധിതമായി

പൂർത്തിയാക്കേണ്ടതിന്റെ പ്രാധാന്യവും കണക്കിലെടുത്ത്, M/s. മജസ്റ്റിക് കൺസ്ട്രക്ഷൻസിന് അവർ ക്വാട്ട് ചെയ്ത TPAC-യെക്കാൾ 19.83% ഉയർന്ന തുകയായ 9,10,95,825/- രൂപയ്ക്ക് അനുവദിക്കാൻ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സർക്കാരിൽ ശിപാർശ ചെയ്തു.

14) **Comparison statement with Quoated amount.**

| **Quoted Amount Rs. 9,10,95,825 /-** | | |
|---|---|---|
| | **Amount** | **Quoted amount Percentage above or below** |
| Tendered PAC | Rs.7,60,18,484/- | 19.83 % above |
| Current SoR+10% | Rs.8,36,20,332/- | 8.93 % above |
| Local Market Rate (LMR) | Rs.7,58,95,777.41/- | 20.02 % above |

15) ഫയൽ അഭിപ്രായത്തിനായി ധനകാര്യ വകുപ്പിന് സമർപ്പിച്ചപ്പോൾ ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടു.

*AD is informed that, in case AD feels that no better offer is expected on recast and recall and also considering the fact that the work is tendered 3 times and more than1 year have elapsed after the first tender, AD is advised to submit the tender excess proposal of the work "Jal Jeevan Mission (JJM) – Vazhoor Panchayath – 1st SLSSC – Package 7-6th SLSSC- laying pipelines and restoration works in Vazhoor Panchayath – Pipeline Work", for a quoted PAC of `760.18 lakhs with overall excess of 150.78 lakhs (excluding GST), to the Council of Ministers for approval, along with valid justification.*

16) ഫയൽ സമർപ്പിച്ചപ്പോൾ ബഹു.ജലവിഭവ വകുപ്പ് മന്ത്രി താഴെ പറയുന്ന അഭിപ്രായം രേഖപ്പെടുത്തി.

മൂന്നു പ്രാവശ്യം ടെണ്ടർ ചെയ്തതും അതോടൊപ്പം 12 പ്രാവശ്യം ടെണ്ടർ എക്സ്റ്റൻഷൻ നൽകിയ കേസാണിത്. അതോടൊപ്പം സർക്കാർ അനുവദിച്ച ടോളറൻസ് ലിമിറ്റിനേക്കാൾ പ്രൈസ് പ്രകാരമുള്ള ലോക്കൽ മാർക്കറ്റ് റേറ്റ് ഗണ്യമായി താഴ്ന്നു നിൽക്കുന്നു എന്നതിൽ നിന്നും യഥാർത്ഥ മാർക്കറ്റ് റേറ്റ് സൂചിപ്പിക്കുന്നതിലെ

പ്രൈസ് സംവിധാനത്തിന്റെ അപര്യാപ്തത വ്യക്തമാണ്. 2023-ൽ ഭരണാനുമതി കൊടുത്ത ഈ പദ്ധതി ഇനിയും ദീർഘിപ്പിക്കുന്നത് സർക്കാരിനുള്ള ചെലവ് കൂട്ടാനേ ഉപകരിക്കൂ എന്നതിനാൽ ധനവകുപ്പുകൂടി അഭിപ്രായപ്പെട്ട പ്രകാരം ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് വയ്ക്കുന്നതിന് ബഹു. മുഖ്യമന്ത്രി സദയം ഉത്തരവായാലും.

17) ടെൻഡറിന് അനുമതി നൽകുന്ന വിഷയം ക്യാമ്പിനറ്റിന് സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

18) കരട് മന്ത്രിസഭാ കുറിപ്പ് സമർപ്പിച്ചപ്പോൾ, പ്രവൃത്തി അംഗീകരിക്കുന്ന കാര്യത്തിൽ ജൽ ജീവൻ മിഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സംസ്ഥാന ജല-ശുചിത്വമിഷന്റെ അപ്പെക്സ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ച് കമ്മിറ്റിയുടെ ശിപാർശ കൂടി ഉൾപ്പെടുത്തി മന്ത്രിസഭാകുറിപ്പ് പുതുക്കി സമർപ്പിക്കാൻ ചീഫ് സെക്രട്ടറി നിർദ്ദേശിക്കുകയുണ്ടായി.

19) വിഷയം 10th State Water and Sanitation Mission (SWSM) Apex Committee meeting-ൽ പരിഗണിക്കുകയും ചുവടെ ചേർക്കുന്ന തീരുമാനം കൈക്കൊള്ളുകയും ചെയ്തു.

After detailed discussion, the 10th SWSM Apex committee meeting decided that since the Govt.of India has not officially communicated the extension of the JJM Mission Period and also not issued the new guidelines for JJM, the approval of new tenders can be kept in abeyance and can be considered after approval of the Mission period extension and issuance of new guidelines by GoI.

20) 24.06.2024 ലെ ഉത്തരവ് നമ്പർ W-11045/2/2024-JJM-II-DDWS പ്രകാരം 16.08.2024 ന് ശേഷം ഒരു പ്രവൃത്തിയും അവാർഡ് ചെയ്യരുതെന്ന് ഇന്ത്യാ ഗവൺമെന്റ് അറിയിച്ചിട്ടുണ്ട്. ഈ നിയന്ത്രണം നീക്കം ചെയ്തില്ലെങ്കിൽ, ഈ

പദ്ധതിക്കുള്ള JJM-ന്റെ സാമ്പത്തിക സഹായം ലഭ്യമാകില്ലെന്നും മുഴുവൻ ചെലവും സംസ്ഥാനം വഹിക്കേണ്ടിവരുന്നതാണ്. 16.08.2024 ന് മുമ്പ് നൽകിയ ജോലിക്ക് കേന്ദ്ര സഹായം നൽകാൻ പോലും JJM-II-ന്റെ അംഗീകാര ഉത്തരവ് ഇതുവരെ ഇന്ത്യാ ഗവൺമെന്റിൽ നിന്ന് ലഭിച്ചിട്ടില്ല.

തീരുമാനിക്കേണ്ട വിഷയം

കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച "Jal Jeevan Mission (JJM) in Vazhoor Panchayath - Ist SLSSC - Package 7 - 6 th SLSSC - Laying pipelines and restoration works in Vazhoor panchayath" എന്ന പ്രവർത്തി സിംഗിൾ ബിഡ്ഡർ ആയ M/s. മജസ്റ്റിക് കൺസ്ട്രക്ഷൻസ്, പനംകാട്ട് ഹൗസ്, കരിംകുന്നം പി.ഒ.-യ്ക്ക് അവർ ക്വാട്ട് ചെയ്ത TPAC-യെക്കാൾ 19.83% ഉയർന്ന തുകയായ 9,10,95,825 /- (ഒൺപത് കോടി പത്ത് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി എണ്ണൂറ്റി ഇരുപത്തഞ്ച് രൂപ) രൂപയ്ക്ക് അനുവദിക്കുന്നതിന് മാനേജിംഗ് ഡയറക്ടർ കേരള വാട്ടർ അതോറിറ്റിക്ക് അനുമതി നൽകാമോ? എങ്കിൽ കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് ലഭിക്കാത്ത പക്ഷം സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നും ചിലവ് വഹിക്കാമോ?